**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **05-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി നഷ്ടപരിഹാര കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് രോഗ പശ്ചാത്തലത്തിൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടുവോ; | (എ) | ജി.എസ്.ടി.-യിലെ നഷ്ടപരിഹാര കാലാവധി 2022 ജൂണിൽ അവസാനിക്കും. കോവിഡ് രോഗ പശ്ചാത്തലത്തിൽ മാത്രമല്ല ജി.എസ്.ടി. സംവിധാനം ഇതുവരെ പൂർണ്ണമായും സുസ്ഥിരമാകാത്ത സാഹചര്യത്തിലും നഷ്ടപരിഹാര കാലാവധി നീട്ടേണ്ടതുണ്ട്. |
| (ബി) | എങ്കിൽ ഈ കഴിഞ്ഞ കാലയളവിൽ ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ കേരളം പ്രസ്തുത പൊതു ആവശ്യം ഉന്നയിച്ചുവോ എന്നും ഭരണ/പ്രതിപക്ഷ ഭേദമില്ലാതെ അതേ ആവശ്യമുന്നയിച്ച മറ്റു സംസ്ഥാനങ്ങൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ; | (ബി) | 2021 സെപ്റ്റംബറിൽ നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ജി.എസ്.ടി. നഷ്ടപരിഹാരം സംബന്ധിച്ച അജണ്ട വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. കോവിഡ് പ്രതിസന്ധി മൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം പ്രസ്തുത മീറ്റിങ്ങിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി. കൗൺസിൽ സ്വീകരിച്ചതായി കാണപ്പെടുന്നില്ല. 2021 സെപ്തംബർ 17-നു ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിന്റെ അപ്രൂവ് ചെയ്ത മിനുട്സ് ഇതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കേരളത്തോടൊപ്പം ഈ ആവശ്യം ഉന്നയിച്ച മറ്റ് സംസ്ഥാനങ്ങൾ ഏതൊക്കെയെന്ന വിശദാംശം ലഭ്യമല്ല. 2021-22-ലെ കേന്ദ്ര ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട കേന്ദ്ര നികുതി വിഹിതം 12812.08 കോടി രൂപയാണ്. ഇതിൽ 2021 സെപ്റ്റംബർ വരെ 5007.81 കോടി രൂപ ലഭിച്ചിട്ടുണ്ട്. മറ്റ് കേന്ദ്ര ഗ്രാന്റ് വിഹിതം സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതിലെ കേന്ദ്ര സർക്കാർ നയം എന്താണെന്നും, നിലവിലെ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം സംസ്ഥാനത്തിന് ലഭ്യമാകേണ്ടത് എത്ര എന്നും എത്ര ലഭ്യമായി എന്നും വ്യക്തമാക്കുമോ ; | (സി) | 2021 സെപ്റ്റംബറിൽ നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ ജി.എസ്.ടി. നഷ്ടപരിഹാരം സംബന്ധിച്ച അജണ്ട വിഷയം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. കോവിഡ് പ്രതിസന്ധി മൂലം സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണം എന്ന ആവശ്യം പ്രസ്തുത മീറ്റിങ്ങിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടുന്നത് സംബന്ധിച്ച് അനുകൂലമായ തീരുമാനങ്ങളൊന്നും ഇതുവരെ ജി.എസ്.ടി. കൗൺസിൽ സ്വീകരിച്ചതായി കാണപ്പെടുന്നില്ല. 2021 സെപ്തംബർ 17-ന് ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിന്റെ അപ്രൂവ് ചെയ്ത മിനുട്സ് ഇതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കേരളത്തോടൊപ്പം ഈ ആവശ്യം ഉന്നയിച്ച മറ്റ് സംസ്ഥാനങ്ങൾ ഏതൊക്കെയെന്ന വിശദാംശം ലഭ്യമല്ല. 2021-22-ലെ കേന്ദ്ര ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട കേന്ദ്ര നികുതി വിഹിതം 12812.08 കോടി രൂപയാണ്. ഇതിൽ 2021 സെപ്റ്റംബർ വരെ 5007.81 കോടി രൂപ ലഭിച്ചിട്ടുണ്ട്. മറ്റ് കേന്ദ്ര ഗ്രാന്റ് വിഹിതം സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കേന്ദ്ര ഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിനാവശ്യമായ കേന്ദ്രസഹായം ഉറപ്പാക്കാനായി സംസ്ഥാന ധനകാര്യ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (ഡി) | കോവിഡ് മഹാമാരിയെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായും സംസ്ഥാന സമ്പദ്ഘടനയെ പുന:രുജ്ജീവിപ്പിക്കുന്നതിനായും കേന്ദ്ര ബഡ്ജറ്റിൽ പ്രത്യേക സഹായ പാക്കേജുകൾ ഉൾപ്പെടുത്താൻ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിൽ സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. കൂടാതെ, സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്ക് പൊതുവിൽ ഗുണകരമാവുന്ന ചില നടപടികളും കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി മുന്നോട്ട് വച്ചിരുന്നു. കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാനം കേന്ദ്ര സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ച പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:- 1. സമ്പദ് വ്യവസ്ഥയെ പുന:രുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ട ഉത്തേജന നടപടികളെ വേണ്ടവിധം പിന്തുണയ്ക്കുന്നതിനായി ഒരു പ്രത്യേക ഉത്തേജന പാക്കേജ് കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിക്കുക. 2. കോവിഡ്-19 കാരണം മടങ്ങി |

| | | | | |
|---|---|---|---|---|
| | | | | വരുന്ന പ്രവാസികൾക്ക് പ്രത്യേക പാക്കേജ്. 3. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുക. 4. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിക്കുക. 5. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള സംസ്ഥാന വിഹിതത്തിൽ (inter se share) ഉണ്ടായിട്ടുള്ള കുറവ് നിമിത്തം വരുമാനത്തിൽ ഉണ്ടായ നഷ്ടം നികത്തൽ. 6. പെട്രോൾ-ഡീസൽ സെസും സർചാർജ്ജും യുക്തി സഹമാക്കുക. 7. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി വിദേശ ഏജൻസികളിൽ നിന്ന് കേന്ദ്ര സർക്കാർ മുഖേന ലഭ്യമാക്കുന്ന ബാഹ്യ സഹായ പദ്ധതികൾക്കുള്ള (Externally Aided Projects) വായ്പകൾ നടപ്പ് സാമ്പത്തിക വർഷത്തിലേക്കും അടുത്ത 2 വർഷത്തേക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധിക്ക് പുറത്ത് അനുവദിക്കുക. 8. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം വർദ്ധിപ്പിക്കുക. 9. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന National Health Mission 100% കേന്ദ്രാവിഷ്കൃത പദ്ധതിയാക്കുക. 10. സംസ്ഥാനത്തിന്റെ മുൻനിര പദ്ധതികളായ സിൽവർലൈൻ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് പിന്തുണയും അനുമതിയും നൽകുക. 11. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേക ധനസഹായം നൽകുക. സംസ്ഥാനത്തിന്റെ മേൽ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

**മറ്റ് കേന്ദ്ര ഗ്രാന്റ് വിഹിതം**

| ഇനം | 2021-22 | |
|---|---|---|
| | വിഹിതം | 2021 സെപ്റ്റംബർ മാസം വരെ ലഭിച്ചത് |
| | (തുക കോടിയിൽ) | |
| ലോക്കൽ ബോഡി ഗ്രാന്റ് | 2354 | 601.50 |
| റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് | 19891 | 9945.50 |
| എസ്.ഡി.ആർ.എഫ്. | 314 | 125.6 |

**സെക്ഷൻ ഓഫീസർ**